"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - വാൻറോസ് - ഊറ്റുകുഴി- സെക്രട്ടേറിയറ്റ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 373/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1362/2025/LSGD തീയതി, തിരുവനന്തപുരം, 02-06-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/09/2024 തീയതിയിലെ എ3/3824/2007/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/12/2024-ലെ DCTVM/8576/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 515/2025/ത.സ്വ.ഭ.വ, തീയതി, 20/02/2025.
4. സ.ഉ.(സാധാ) നം. 4193/2025/ധന, തീയതി, 08/05/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വാൻറോസ്-ഊറ്റുകുഴി-സെക്രട്ടേറിയറ്റ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 373/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിലെ ഒന്നും രണ്ടും കക്ഷികളായ ശ്രീമതി ഉഷാകുമാരി, ശ്രീ. എസ്. വേലപ്പൻ നായർ എന്നിവർക്ക് 15,49,224/- രൂപയും മൂന്നാം കക്ഷിയായ ശ്രീ. ഡി. പ്രേമചന്ദ്രൻ നായർക്ക് 21,08,477/- രൂപയും ഉൾപ്പടെ ആകെ 36,57,701/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി അൻപത്തിയേഴായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 373/07 നമ്പർ കേസിലെ ഒന്നും രണ്ടും കക്ഷികൾക്ക് 15,49,224/- രൂപയും മൂന്നാം കക്ഷിയ്ക്ക് 21,08,477/- രൂപയും ഉൾപ്പടെ ആകെ 36,57,701/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി അൻപത്തിയേഴായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)'

എന്ന ശീർഷകത്തിൽ 36,58,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ വാൻറോസ്-ഊറ്റുകുഴി-സെക്രട്ടേറിയറ്റ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ പൊന്നുംവിലയ്ക്കെടുത്ത 0.92 (0.50+0.42) ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ. 373/07 നമ്പർ കേസിലെ ഒന്നും രണ്ടും കക്ഷികളായ ശ്രീമതി ഉഷാകുമാരി, ശ്രീ. എസ്. വേലപ്പൻ നായർ എന്നിവർക്ക് 15,49,224/- രൂപയും മൂന്നാം കക്ഷിയായ ശ്രീ. ഡി. പ്രേമചന്ദ്രൻ നായർക്ക് 21,08,477/- രൂപയും ഉൾപ്പടെ ആകെ 36,57,701/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി അൻപത്തിയേഴായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി ഉഷാകുമാരി, റ്റി.സി.26/561, ഉഷസ്, തമ്പാനൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. എസ്. വേലപ്പൻ നായർ, റ്റി.സി.26/561, ഉഷസ്, തമ്പാനൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. ഡി. പ്രേമചന്ദ്രൻ നായർ, റ്റി.സി.26/562, അശ്വതി, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/93/2025/FIN. dated 20.05.2025).

ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/321/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-06-2025 16:43:37
സെക്ഷൻ ഓഫീസർ